# കലാലയലോകം കാലങ്ങളിലൂടെ

യുവത്വത്തിന്റെ കർമനിരതയും പ്രതികരണ ശേഷിയും ഉൾക്കൊണ്ട ഒരു വിഭാഗമാണ് കോളേജ് വിദ്യാർത്ഥികൾ നാളെയിലേക്ക് ഇറങ്ങിച്ചെല്ലേണ്ടവരാണവർ. അതുകൊണ്ടുതന്നെ, സമൂഹത്തിന്റ ഭാവി ഇവരെ കേന്ദ്രീകരിച്ചിരിക്കുന്നു. വർഷങ്ങൾക്കുമുമ്പുള്ള ക്യാമ്പസുകൾ ഇന്നത്തെ ക്യാമ്പസുകൾ. ഇനി ക്യാമ്പസ് എങ്ങനെയായിരിക്കുമെന്നും ആയ വളരെ ചുരുങ്ങിയ ചോദ്യങ്ങളുമായി ഈ മേഖലയിൽ ബന്ധമുള്ള പലരെയും ഞങ്ങൾ സമീപിച്ചു. അവരിൽനിന്നും ലഭിച്ച വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഇവിടെ സമർപ്പിക്കുന്നു.



പങ്കെടുക്കുന്നവർ

**പി. എം. മുബാറക് പാഷ**

**കൽപറ്റ നാരായണൻ**

**താഹിർ എം.**

**പ്രിജി. എസ്.**


തയ്യാറാക്കിയത് : **റഷീദ്. കെ.കെ.**

**മൂന്നാം വർഷം ബി.എ. മലയാ**

# കലാലയ ലോകം കാലങ്ങളിലൂടെ

പി.എം. മുബാറക് പാഷ

പ്രിൻസിപ്പാൾ ഫാറൂഖ് കോളേജ്

മനുഷ്യ പുരോഗതിയുടെ ഋജുരേഖയിൽ രണ്ടു ബിന്ദുക്കൾ ഗുണപരമായി താരതമ്യം ചെയ്യുന്നത് ഒട്ടും യുക്തിപരമല്ലെന്ന് ഞാൻ ധരിക്കുന്നു. ഓരോ കാലഘട്ടത്തിലും, സ്വയംഭൂവായ അസ്തിത്വം ഇല്ല എന്നുള്ളതുകൊണ്ട് തന്നെ ഈ താരതമ്യം കൂടുതൽ ആപത്കരവുമാണ്. ഓരോ കാലഘട്ടവും അതിന്റെ തന്നെ സാമൂഹിക സാംസ്കാരിക ഭൗതിക പരിസരങ്ങളോട് ജൈവപരമായ ബന്ധം പുലർത്തുന്നതുകൊണ്ട് ഇത്തരം ഒരു ശ്രമം പാഴ്വേലയാകാനും സാധ്യതയുണ്ട്. ഒരു കാലത്തിന് മറ്റൊരു കാലത്തിനു മേൽ അധീശത്വം അനുവദിച്ചുകൊടുത്താൽ നാം തൃപ്തിപ്പെടുക ആയുക്തിപരമായ തർക്കപരിസരത്തായിരിക്കും. ചരിത്രത്തിലേക്കുള്ള തിരിച്ചുപോക്കിൽ ആധാരമായി പറയുന്നതും ഇത്തരം വാദങ്ങളാണ് എന്നോർക്കുക. ഇതുകൊണ്ട് താരതമ്യം അപ്രായോഗികമാണ് എന്ന് അർത്ഥമില്ല. നവീകരണം അതിന്റെ നിയതമായ അർത്ഥത്തിൽ താരതമ്യപഠനങ്ങളെയും അതുവഴിയുള്ള കണ്ടെത്തലുകളെയും ഉൾക്കൊള്ളുന്നു എന്ന് അംഗീകരിക്കുക തന്നെ ചെയ്യുന്നു.

എഴുപതുകളുടെ അവസാന പകുതിയിലും എൺപതുകളുടെ ആദ്യപകുതിയുലുമാണ് എന്റെ കോളേജ് കാമ്പസ് പാലക്കാൻ സങ്കര സാംസ്കാരിക പരിസരത്ത് കാലങ്ങളായി ജീവിച്ച് നിന്നിരുന്ന കുട്ടികൾ, ഞങ്ങൾ വളരെ സാധാരണക്കാരായിരുന്നു. ഞങ്ങളുടെ സ്വപ്നങ്ങൾ ഞങ്ങൾ തന്നെ ഉണ്ടാക്കുകയും ഇഷ്ടത്തിന് തന്നെ അത് മാറ്റത്തിന് വിധേയമാക്കുകയും ചെയ്തിരുന്നു എന്നത് ശ്രദ്ധേയമാണ്. ക്യാമ്പസിനുള്ളിൽ സാമൂഹിക സാംക്രമിക രോഗങ്ങൾ ഉദ്യോഗരൂപത്തിൽ സ്പനങ്ങളായി പടർന്നിരുന്നില്ല എന്നുള്ളത് കാമ്പസിന്റെ ജീവസ്സിനെ സൂചിപ്പിക്കുന്നു. ഇത് തീർച്ചയായും ഞങ്ങൾക്ക് കുടുതൽ സ്വാതന്ത്ര്യം നൽകിയിരുന്നു. അതിന് അനുബന്ധമായി ക്യാമ്പസ് കുടുതൽ സജീവമായിരുന്നു. എന്ന് പറയുമ്പോൾ ഗൃഹാതുരത്വത്തിന്റെ പിടിയിൽ അകപ്പെട്ടിട്ടില്ലെന്ന് ഞാൻ എന്റെ ശരീരം കുത്തിനോവിച്ച് ഉറപ്പു തരുന്നു.

അദ്ധ്യാപകരോട് കൂടുതൽ ആത്മബന്ധം ഉണ്ടായിരുന്നതായി കരുതുന്നതിൽ തെറ്റില്ല. കാമ്പസിന്റെ തുടിപ്പുകളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം വളരെ തീവ്രമായിരുന്നു. ക്ലാസ്മുറികൾ ചർച്ചകളുടെയും സംഭാഷണങ്ങളുടെയും വേദിയായിരുന്നു എന്ന് ഞാനോർക്കുന്നു. ക്യാമ്പസിനോടൊപ്പം സജീവമായ ലൈബ്രറി, ചലനാത്മകമതയുള്ള കൂടിച്ചേരലുകൾ ഇവയൊക്കെ ഒത്തുചേർന്ന അക്കാദമിക് ബന്ധങ്ങൾ കാമ്പസുകളെ കൂടുതൽ ഉണർവ്വുള്ളതാക്കി. ഇലക്ട്രോണിക് മീഡിയ കാമ്പസുകളിൽ ആധിപത്യം സ്ഥാപിച്ചിട്ടില്ലാത്ത ഒരു കാലം ആയിരുന്നു അത്. മനുഷ്യബന്ധങ്ങൾ കൂടുതൽ ഗാഢവും ദൃഢവുമായിരുന്നു അന്ന്.

ഇന്നത്തെ ക്യാമ്പസുകൾ ഘടനാപരമായ മാറ്റങ്ങൾക്ക് വിധേയമായി എന്നു കരുതാൻ വയ്യ. ക്ലാസ്മുറികൾ, ഇടനാഴികൾ, ലൈബ്രറികൾ, ഇവ കാലത്തെ അതിജീവിച്ചുനില്ക്കുന്നു. അധ്യയനവും, വലിയ വ്യത്യാസങ്ങളില്ലാതെ ഒരു സാമൂഹിക കർമ്മമായി നിലനില്ക്കുന്നു. പക്ഷെ വിദ്യാർത്ഥികളിലും, ഒരു പരിധിവരെ അധ്യാപകരിലും അവരുടെ സാമൂഹിക കർമ്മവുമായി ബന്ധപ്പെട്ടുനില്ക്കുന്ന ദർശനത്തിനും ഗുണപരമായ മാറ്റം പ്രകടമാകുന്നു എന്ന് ധരിക്കാൻ ക്യാമ്പസുകളിലെ സാമൂഹ്യാംശം ദുർബ്ബലപ്പെട്ടു വരികയും, വ്യക്തിപരത കൂടുതൽ ദൃഢപ്പെടുകയും ചെയ്യുന്നത് ഒരു വർത്തമാന കാലസത്യമാണ്. സാമൂഹിക സംഘർഷത്തിന്റെയും, അന്യവല്ക്കരണത്തിന്റെയും പരിഛേദനം എന്ന നിലയ്ക്ക് ക്യാമ്പസുകളിൽ കാണുന്ന അനുബന്ധ പ്രക്രിയകൾ കാമ്പുസുകളിലെ സജീവതയെ ഞെക്കിക്കൊല്ലുന്നതായി തോന്നുന്നുണ്ട്. അടിച്ചേൽപ്പിക്കപ്പെട്ട സ്വപ്നങ്ങൾ മനസ്സിനെയും, ഭാവനയെയും കീഴടക്കുന്നത് ഇന്നൊരു സാമൂഹിക യാഥാർത്ഥ്യമാണ്. മത്സരം അതിന്റെ ഏറ്റവും വികലവും അപകടകരവുമായ അർത്ഥത്തിൽ ക്യാമ്പസുകളിലേക്ക് കടന്നു വരുമ്പോൾ ശക്തിക്ഷയം സംഭവിക്കുന്നത് കാമ്പസുകളിലെ വ്യക്തിബന്ധങ്ങൾക്കാണ്. യന്ത്രങ്ങളുമായി കൂടുതൽ അടുപ്പം കാണിക്കുന്ന മനുഷ്യർ കൂട്ടങ്ങളിൽ നിന്ന് അകലുകയും സംവേ

ദനത്തിനോട് വിമുഖത കാണിക്കുകയും ചെയ്യുന്നത് ക്യാമ്പസുകളിൽ നമ്മൾ അറിയുന്നു. ഇതിന് ആനുപാതികമായി ക്യാമ്പസിന്റെ സമഗ്രജീവിതത്തിന് മാറ്റം ഉണ്ടായിട്ടുണ്ട്. ഇലക്ട്രോണിക് മാധ്യമം പൊടുന്നനെ പടച്ചിറക്കിയ മൂല്യബിംബങ്ങൾ, കുട്ടികളുടെ ചിന്തയെയും താല്പര്യങ്ങളെയും വെട്ടിയൊതുക്കി പുതിയ കമ്പോളത്തിനനുസരിച്ച് ക്രമപ്പെടുത്തുന്നു. ഈ മാറ്റം ഫൈൻ ആർട്സ് തുടങ്ങിയ കൂട്ടുചേരലുകളിൽ കൂടുതൽ പ്രകടമാണ്. സ്വന്തം നിലനില്പിനെക്കുറിച്ചുള്ള ചിന്തയും മത്സരത്തിൽ പിന്നിലാകാതിരിക്കാനുള്ള വ്യഗ്രതയും




വിദ്യാർത്ഥികളിൽ കൂടുതൽ ലക്ഷ്യബോധമുണ്ടാക്കുന്നു എന്ന വസ്തുത ഈ മാറ്റങ്ങൾക്കിടിയിലെ ക്രിയാത്മക പ്രതിഭാസമാണ്.

കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാവാത്ത ക്യാമ്പസുകൾ നിശ്ചലങ്ങളാവുകതന്നെ ചെയ്യും. മനുഷ്യജീവിത ദർശനത്തിലുണ്ടായ വ്യതിയാനം മനുഷ്യസമൂഹത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ ഒത്തുചേരുന്ന ഒരു പ്രതലത്തിലാണ് ക്യാമ്പസ്സിലെ സംവേദം, വൈജ്ഞാനികവും വൈജ്ഞാനികേതരവും, നടക്കേണ്ടത് എന്ന് വിശ്വസിക്കുന്നു. യന്ത്രമനുഷ്യരെ സൃഷ്ടിക്കാൻ ഒരു ക്യാമ്പസ്

ആവശ്യമില്ല. അത് ക്യാമ്പസിന്റെ ധർമ്മവുമല്ല. വ്യക്ത
പരത അതിന്റെ ആരോഗ്യകരമായ അർത്ഥത്തിൽ ശക്ത
യാർജ്ജിക്കുകയും പാഠ്യ പാഠ്യേതര സംരംഭങ്ങൾ ഇതി
സഹായിക്കുകയും ചെയ്യുന്ന ഒരു ക്യാമ്പസിനെ പ്ര
ക്തിയുണ്ടാക്കുകയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിലാ
പുതിയ കോഴ്സുകളെ കുറിച്ചും, പുതിയ പാഠ്യരീതി
ളെക്കുറിച്ചും നാം ചിന്തിക്കുന്നത്.

ധൈഷണികമായ ഉന്നതിയും സർഗ്ഗാത്മകതയു
ഒരേപോലെ പരിപോഷിപ്പിക്കാൻ ക്യാമ്പസുകൾക്ക് ക
യണം. അതോടൊപ്പം തന്നെ മാനവികമായ മൂല്യങ്ങ

നിയതമായ അർത്ഥത്തിൽ നിർവ്വചിക്കാൻ ശക്തിപ്പെ
ത്താൻ ക്യാമ്പസുകൾക്ക് സാധിക്കും. അതുകൊണ്ട്
തന്നെ ക്യാമ്പസ് ബഹുമുഖ രംഗങ്ങളുടെ സ്രോതസ്സു
പാരമ്പര്യവും ആകുന്നു. അധ്യാപകരും വിദ്യാർത്ഥി
ളുടെയും രക്ഷിതാവും അവരെ നിലനിർത്തുന്ന സ
ഹവും പരസ്പരപൂരകങ്ങളാകുന്ന മുഹൂർത്തം അതാ
ഏത് ക്യാമ്പസിന്റെയും ആലങ്കാരിക ലക്ഷ്യം താത്വി
മായ അടിത്തറയും അതു തന്നെയാകുന്നു.

രണ്ടാം വർഷം ബി.എ. ഡിഗ്രിക്കാരിൽ പലരും ഇമേജിന് വ്യക്തിത്വം എന്ന് പരിഭാഷ നൽകിയിരിക്കുന്നു. വാക്കിന്റെ അർത്ഥം അതിന്റെ ഉപയോഗമാണെങ്കിൽ ക്യാമ്പസ്സുകൾ വ്യക്തിത്വത്തിനു നൽകുന്ന വ്യാപ്തിയേ ഉള്ളു. അറുപതുകളിലേയോ എഴുപതുകളിലേയോ ക്യാമ്പസ്സിന്റെ വ്യക്തിത്വം ഇതിലും എത്രയോ സങ്കീർണ്ണമായിരുന്നു. കാണപ്പെടാവുന്ന മാനങ്ങളിലേക്ക് വിവർത്തനം ചെയ്യാനാവാത്തതാണ് പുതിയ ക്യാമ്പസ്സ്

**കൽപ്പറ്റ നാരായണൻ:**
ഗവ: ആർട്സ് & സയൻസ് കോളേജ്, മീഞ്ചന്ത.

എന്നു കരുതുന്നു. പുതിയ ക്യാമ്പസ്സിന് ഇമേജേ ഉള്ളു എന്നർത്ഥം. അതാണീ തിളക്കമുള്ള ഉടുപ്പുകൾ, കക്ഷത്തിലെ കാരിയർ മാഗസിനുകൾ, തത്വചിന്തയിലുള്ള ഉദാസീനത, വരാന്തയിലെ കൂടി നിൽപ്പുകൾ...... ബുദ്ധിപരമായ ജാഗ്രത പുലർത്തുന്ന വിദ്യാർത്ഥികൾ എന്നും ഏതുക്യാമ്പസ്സിലും ന്യൂനപക്ഷമായിരുന്നു. പക്ഷെ, ഇന്ന് അവരുടെ സംഖ്യ കൂടുതൽ കുറയുന്നു. അവരുടെ അന്തസ്സ് കൂടുതൽ മങ്ങുന്നു. ലിറ്റിൽ മാഗസിനുകളോ, ഫിലിം സൊസൈറ്റികളോ മറ്റു വാങ്ഗാർദ് പ്രവണതകളോ ക്യാമ്പസ്സിൽ നിന്ന് പാടെ പിൻവാങ്ങിക്കഴിഞ്ഞു. ലാഭാധിഷ്ഠിതമായ കാഴ്ചപ്പാട് വിദ്യാർത്ഥികളേയും ബാധിച്ചിരിക്കുന്നു. പരീക്ഷണാത്മകത നഷ്ടപ്പെട്ട ക്യാമ്പസ്സുകളെ ആർ ചികിത്സിക്കും?.

രണ്ടുവർഷത്തിനകം സുവർണ്ണ ജൂബിലിയാഘോഷിക്കാൻ പോകുന്ന ഒരു പ്രശസ്തമായ കലാലയത്തിന്റെ തട്ടകത്തിൽ നിന്നുകൊണ്ട്, തിരിഞ്ഞുനോക്കുമ്പോൾ, ഏതാണ്ട് മുപ്പത് സംവത്സരങ്ങളുടെ, ക്യാമ്പസിന്റെ രൂപഭേദങ്ങൾ മനസ്സിലൂടെ കടന്ന് പോകുന്നു.

ശ്രീനാരായണ പ്രസ്ഥാനവും, സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളും ഇടതുപക്ഷ രാഷ്ട്രീയ സ്വാധീനവും, സാമുദായിക നവീകരണ പ്രസ്ഥാനങ്ങളും എല്ലാംകൂടി കേരളം സാമൂഹ്യ വിദ്യാഭ്യാസ രംഗങ്ങളിൽ ഇന്ത്യയുടെ മറ്റു പ്രവിശ്യകളിൽ നിന്ന് വ്യത്യസ്തമായ കാര്യമായ മുന്നേറ്റം കാഴ്ചവച്ചു. ഈ പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കമായിരുന്ന, മുസ്ലിം സമുദായത്തിന്റെ ഉന്നതവിദ്യാഭ്യാസം ലക്ഷ്യമാക്കിക്കൊണ്ട്, നിസ്വാർത്ഥസേവനവും, ആദർശധീരതയും കൈമുതലാക്കിക്കൊണ്ട്, മൗലാനാ അബുസബാഹിന്റെ നേതൃത്വത്തിൽ ഫാറൂഖ് കോളേജ് സ്ഥാപിതമായത്.

അറുപതുകളിലും, എഴുപതുകളിലും കേരളത്തിലെ കാമ്പസുകളിൽ പുലർന്നു കണ്ടകലാസാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലെ പ്രവർത്തനങ്ങളിൽ തെളിഞ്ഞുനിന്ന ഉണർവ്വും പക്വതയും പ്രതിബദ്ധതയും, ഫാറൂഖ് ക്യാമ്പസിന് അന്യമായിരുന്നില്ല. ഒരു റെസിഡൻഷ്യൽ സ്ഥാപനമെന്ന നിലയിൽ ഈ ക്യാമ്പസ്സിൽ നിലനിന്ന ചില പ്രത്യേകതകൾ ഓർമ്മയിലെത്തുന്നു. ഹോസ്റ്റൽ ദിനാഘോഷങ്ങൾ, അതിഥികളായെത്തുന്ന ധാരാളം അദ്ധ്യാപകരും ഹോസ്റ്റൽ അന്തേവാസികളും ഒത്തുചേരുന്ന സന്തോഷ വേളകളായിരുന്നു. കോളേജ് ദിനാഘോഷത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും തങ്ങളുടെ സുഹൃത്തുക്കളെ അതിഥികളായി കൊണ്ടുവരുന്നതിൽ ആഹ്ളാദം കണ്ടെത്താനായിരുന്നു. ഇന്നിപ്പോൾ 'അതിഥി'കളെയും പൊറുപ്പിക്കാനാവാതെ Tight security ആവശ്യമായി വരുന്ന ഒരവസ്ഥയിലേക്ക് നാം പുരോഗമിച്ചിരിക്കുന്നു. കോളേജ് ദിനാഘോഷത്തോടനു

**എം. താഹിർ**
ഗണിതശാസ്ത്ര വിഭാഗം – ഫാറൂഖ്

ബന്ധിച്ച് പകലും രാത്രിയുമായി രണ്ടു ദിവസം നീണ്ടു നില്ക്കുന്ന കലാമേളകൾ കോളേജ് സ്ഥിതിചെയ്യുന്ന ഗ്രാമത്തിന്റെ ഉത്സവമായിരുന്നു. നമ്മുടെ അമ്മ പെങ്ങൻമാർ ഉത്സാഹത്തോടെ ഈ പരിപാടികളിൽ സംബന്ധിച്ചിരുന്നു. എൺപതുകളുടെ അവസാനത്തോടെ രാത്രിയിലെ കലാപരിപാടികൾ നിരോധിക്കാൻ കോളേജധികൃതർ നിർബന്ധിതരായി. അദ്ധ്യാപകരുടെ ഇടയിൽ നല്ലൊരു സാമൂഹ്യ ജീവിതം നിലനിന്നിരുന്നു. 'Staff Club' കെടിടം ഇതിന്റെ സിരാകേന്ദ്രമായിരുന്നു. ഇന്ന് 140 അദ്ധ്യാപകരുള്ള നമ്മുട കലാലയത്തിലെ 10 പേരു പോലും സായാഹ്നങ്ങൾ ചിലവിടാൻ 'Staff Club ' സന്ദർശിക്കാറില്ല.

എൺപതുകളുടെ അവസാനത്തോടെയാണ് വിദ്യാർത്ഥി സമൂഹത്തിലെ 'പുത്തൻ' പ്രവണതകൾ ക്യാമ്പസ്സ് ജീവിതത്തിൽ സ്വാധീനം ചെലുത്താൻ തുടങ്ങിയത്. സമ്പന്നതയുടെ ജാഢകൾ, ആർഭാടം, മുതിർന്നവരോട് കാണിക്കുന്ന തികഞ്ഞ അവഗണന, ഇവയൊക്കെ 'ചെത്ത്' സംഘങ്ങളുടെ മുഖമുദ്രകളാണ്. ആൺ–പെൺ ബന്ധങ്ങൾ, ആരോഗ്യകരമായൊരു മാറ്റത്തിലേക്ക് വിരൽചൂണ്ടുമെന്ന് കരുതാൻ ഒരു ലക്ഷണവും കാണുന്നില്ല. മലയാളി തന്റെ നന്മകൾ ഒന്നൊന്നായി വലി




ച്ചെറിയുന്ന ഒരു സമകാലീന സാഹചര്യത്തിൽ ക്യാമ്പസുകളിൽ കാണുന്നത് നമ്മുടെ സമൂഹത്തിന്റെ സാംസ്കാരിക ജീർണ്ണതയുടെ പ്രതിഫലനം മാത്രമാണ്. യാഥാസ്ഥിത പശ്ചാത്തലത്തിൽ നിന്നുവരുന്ന കുട്ടികൾപോലും, cool bar സംസ്കാരത്തിനും MTV സംസ്കാരത്തിനും ഇരയാവുന്നു. ഈ സ്ഥിതിവിശേഷം സംജാതമാകാനുള്ള കാര്യകാരണങ്ങളുടെ വിശദമായ വിശകലനത്തിനും ഇവിടെ മുതിരുന്നില്ല. എങ്കിലും ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

വിദേശ മലയാളികളുടെ പണവും സാമ്പത്തിക ഉദാരവല്ക്കരണത്തിന്റെ അനന്തരഫലമായുണ്ടായ ധനവർദ്ധനവും കേരളത്തിൽ മധ്യവർഗത്തെ വളർത്തിയിരിക്കുന്നു. ഇന്ന് നിലവിലുള്ള ജനവിരുദ്ധമായ വികസന മാതൃകകൾ, ആഗോളവത്കരണത്തിന്റെ നവകൊളോണിയൽ ചൂഷണരീതികളുമായി കെട്ടുപിണയുമ്പോൾ പുത്തൻ മേലാള സംഘങ്ങൾ ജന്മമെടുക്കുന്നു. കമ്പോള സമ്പത് വ്യവസ്ഥയുടെ, ഉപോല്പന്നമായ ഉപഭോഗസംസ്കാരം, പരിപോഷിപ്പിക്കപ്പെടുന്നത് ഒരു ദുഷ്ടപിശാചിന്റെ രൂപമെടുത്തിരിക്കുന്ന ആധുനിക മാധ്യങ്ങളുടെ ഇടപെടലുകളിലൂടെയാണ്. സാന്മാർഗിക നിലപാടുകളോടും ആത്മീയ സന്ദേശങ്ങളോടും തികഞ്ഞ അലക്ഷ്യഭാവം കാട്ടുന്ന ഈ ദുഷ്ടപിശാച്, യുവതലമുറയെ അരാഷ്ട്രീയതയിലേക്ക് തള്ളിവിടുന്നതിൽ ഒരു നല്ല പങ്ക് വഹിക്കുന്നു.

നമ്മുടെ ക്യാമ്പസുകളിലെ പ്രശ്നങ്ങൾക്കൊക്കെ കാരണം രാഷ്ട്രീയ്യമാണെന്ന് ഒരു ലളിതവൽക്കരണത്തിൽ നാമിന്ന് എത്തിനില്ക്കുന്നു. ഒ.വി.വിജയൻ പറയുന്നു. "നാം ഒരു ദശാസന്ധിയിൽ തടഞ്ഞ് നില്ക്കുകയാണ്. രാഷ്ട്രീയം രാഷ്ട്രത്തിനുവേണ്ടിയല്ല, അത് പരിവർത്തനത്തിന്റെയും, നന്മയുടെയും ഉപകരണമാണ്. അല്ലെങ്കിൽ അങ്ങനെ ആകേണ്ടിയിരിക്കുന്നു. സേവന പ്രക്രിയക്ക് മുന്നോട്ട് പോകാനുള്ള ഒരു വഴിത്താരമാത്രമാണ് രാഷ്ട്രീയം. ഇന്ന് നാം എവിടെയാണ്. ക്രമകേടുകളിലൂടെ പണം ഉണ്ടാക്കാൻ, സന്തതികൾക്ക് വേണ്ടി പൂഴ്ത്തിവെയ്ക്കാൻ, സംഘടിക്കുകയും സംഘടനയെ എന്തുചെയ്തും തിരിച്ചടിയിൽ നിന്ന് രക്ഷപ്പെടുത്തുകയും മാത്രമാണ് ഇന്നത്തെ കക്ഷിരാഷ്ട്രീയം." ഇത്തരം കക്ഷിരാഷ്ട്രീയ സ്വാധീനങ്ങളിൽ നിന്ന് നമ്മുടെ വിദ്യാർത്ഥി സംഘടനകളെ മോചിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന്റ ആവശ്യമാണ്. ക്യാമ്പസ് അപചയങ്ങൾക്കെതിരെ, ശക്തമായ കാമ്പയിനുകൾ സംഘടിപ്പിക്കാൻ മുഖ്യധാരാ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ തയ്യാറാവുകയും, അവർക്ക് വേണ്ട എല്ലാ ഒത്താശകളും എല്ലാവരും ചേർന്ന് നൽകുകയും ചെയ്താൽ ചില നല്ല മാ

ങ്ങൾ ഉണ്ടാവുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ക്യാമ്പസ് ജീവിതത്തിൽ അദ്ധ്യാപകരുടെ പങ്ക് വിലയിരുത്തപ്പെടേണ്ടതാണ്. മുണ്ട് മുറുക്കിയുടുത്തും, തന്റെ തൊഴിലിനോട് ആത്മാർത്ഥമായ പ്രതിബദ്ധത പുലർത്തിയിരുന്ന കേരളത്തിലെ അദ്ധ്യാപക വർഗ്ഗം. 1991- ൽ റാവുവിന്റെ സാമ്പത്തിക ഉദാരവൽക്കരണത്തോടെയാണ് കേരളത്തിലെ കോളജദ്ധ്യാപകർക്ക് താരതമ്യേന ഭേദപ്പെട്ട UGC ശമ്പളസ്കെയിലുകൾ നൽകപ്പെട്ടത്. കമ്പോളവൽക്കരണത്തിന്റെ സ്വാധീനത്തിൽപ്പെട്ട പല അദ്ധ്യാപകരും, അഭൂതപൂർവ്വമായി സ്വകാര്യ ട്യൂഷ്യൻ രംഗത്തേക്കും, ചെറുകിട വ്യവസായ സംരഭങ്ങളിലേക്കും, ഷെയർ മാർക്കറ്റ്, റിയൽ എസ്റ്റേറ്റ്, രംഗങ്ങളിലേക്കും ശ്രദ്ധതിരിക്കാൻ തുടങ്ങി. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രതീക്ഷിക്കപ്പെട്ട ഗുണപരമായ പരിവർത്തനം ഒരു മരീചികയായി തുടരുന്നു. സാംസ്കാരിക മാന്ദ്യം അദ്ധ്യാപകരെയും ബാധിച്ചിരിക്കുന്നു. അപചയത്തിന്റെ മറ്റൊരു മുഖമാണ് നാമിവിടെ ദർശിക്കുന്നത്.

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മാനേജ്മെന്റുകൾ നിർണായക സ്വാധീനം ചെലുത്തുന്നു. നല്ലൊരു ക്യാമ്പസ് ജീവിതം സാദ്ധ്യമാക്കുന്നതിൽ, ആദർശങ്ങൾ പ്രാവർത്തികമാക്കിയ സ്വകാര്യമാനേജ്മെന്റുകൾ നേതൃത്വം നൽകിയിരുന്നു. വിദ്യഭ്യാസത്തിന്റെ വാണിജ്യവല്ക്കരണത്തിലാണ് ഇന്ന് കേരളത്തിലെ പ്രമുഖമാനേജ്മെന്റുകളുടെ നോട്ടം. നിസ്വാർത്ഥസേവനം ത്യാഗങ്ങൾ ആവശ്യപ്പെടുന്നതാകയാൽ, പ്രലോഭനങ്ങളിൽ വീഴാതിരുന്ന സ്ഥാപനങ്ങളും, വ്യാപാരവൽക്കരണത്തിന് കൂട്ട് നില്ക്കുന്നു. ഇത് സ്വാഭാവികമായും ക്യാമ്പസ് ജീവിതത്തിന്റെ ഗുണത്തെ ബാധിക്കുന്നു.

പോയകാലത്ത് നമ്മുടെ ക്യാമ്പസുകൾ എങ്ങനെയായിരുന്നു എന്ന ചിന്തയിലൂടെ മാത്രമേ ക്യാമ്പസിന്റെ ഇന്നത്തെ അവസ്ഥ വിലയിരുത്താനാവൂ. ഈ ക്യാമ്പസിലെ വിദ്യാർത്ഥികളായിരുന്ന ഇന്നത്തെ അധ്യാപകരിൽ പലരും സാന്ദർഭികമായി പറഞ്ഞിട്ടുള്ളതിൽനിന്ന് വ്യക്തമാകുന്നത്. അന്നൊക്കെ സാംസ്കാരിക പുരോഗതിയുടെ അടിത്തറയായി പ്രവർത്തിക്കാൻ ക്യാമ്പസുകൾക്ക് കഴിഞ്ഞിരുന്നു. സമൂഹത്തിന്റെ നല്ല ചലനങ്ങൾക്ക് പലപ്പോഴും തുടക്കമിട്ടിരുന്നത് ക്യാമ്പസിലെ ഊർജ്ജസ്വലരായ വിദ്യാർത്ഥികളായിരുന്നു. പാഠ്യപദ്ധതിക്കുപുറത്തുനിൽക്കുന്ന, ധൈഷണികമായ ചർച്ചകൾ, പുതിയ കണ്ടെത്തലുകൾ, ഒത്തുചേരലുകൾ ഇതൊക്കെ നമ്മുടെ ക്യാമ്പസിനെ സമ്പന്നമാക്കിയിരുന്നു. "ഞങ്ങൾ ഇവിടെ പഠിച്ചിരുന്ന കാലത്ത് ക്യാമ്പസ് ഇങ്ങനെയായിരുന്നില്ല" എന്ന് അവർ അനുസ്മരിക്കുമ്പോൾ ഒരു നഷ്ടബോധത്തിന്റെ ലാഞ്ഛന ആ വാക്കുകളിലുണ്ട് എന്നത് ശ്രദ്ധേയം.

ഈ സാഹചര്യങ്ങളെക്കൂടി കണക്കിലെടുത്തുകൊണ്ടാണ് ഇന്നത്തെ ക്യാമ്പസിനെക്കുറിച്ച് ചിന്തിക്കേണ്ടത്. അവിടെ നിന്നിങ്ങോട്ട് നാമെത്രമാത്രം മുന്നോട്ട് (അതോ പിന്നോട്ടോ) വന്നിരിക്കുന്നു എന്നതാണ് ചിന്തനീയം. സാഹചര്യങ്ങൾ വളരെയേറെ മാറിയിട്ടുണ്ട്. പാഠ്യവും പാഠ്യേതരവുമായ ഏതൊരു സംരഭത്തിനും അനുയോജ്യമായ പരിതസ്ഥിതികൾ ക്യാമ്പസിൽ സുലഭമാണ്. സാമ്പത്തികമായ പ്രശ്നങ്ങൾ ഇന്ന് ക്യാമ്പസിനെ അലട്ടുന്നുണ്ടെന്നു തോന്നുന്നില്ല. എങ്കിലും സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി ലക്ഷ്യത്തിലേക്കു നീങ്ങുന്നതിനു പകരം നമ്മൾ ലക്ഷ്യത്തിൽനിന്ന് അകലുകയല്ലേ?

പ്രതികരണ ശേഷി നഷ്ടപ്പെട്ട ഒരു തലമുറയാണ് ഇന്ന് കാമ്പസിലുള്ളതെന്ന് പൊതുവെ ഒരഭിപ്രായമുണ്ട്. ഒന്നുകൂടി പ്പറഞ്ഞാൽ പ്രതികരിക്കേണ്ടതിനോട് പ്രതികരിക്കാൻ ഇന്ന് ഇവിടുത്തെ വിദ്യാർത്ഥി സമൂഹത്തിന് കഴി


## പ്രിജി.എസ്
മൂന്നാം വർഷം ബി.എ.മലയാളം (ഫാറൂഖ് കോളജ്)


യുന്നില്ല. തിളച്ചുമറിയുന്ന രോഷത്തോടെ അവർ എന്തിനൊക്കെയോ എതിരിടുന്നുണ്ട്. പക്ഷേ, അവ കാര്യമാത്ര പ്രസക്തങ്ങളല്ലാത്ത പ്രതികരണങ്ങളാണ്. ചുരുക്കം ചില വിദ്യാർത്ഥികൾ യഥാർത്ഥമായ പ്രതികരണശേഷി പ്രകടിപ്പിക്കുന്നുണ്ടെങ്കിൽക്കൂടിയും, അവർക്ക് കാമ്പസിനു പുറത്തുള്ള ആരുടെയൊക്കെയോ ചിന്തകൾക്ക് വിധേയമായേ പ്രവർത്തിക്കാനാകുന്നുള്ളൂ. സ്വന്തമായ വീക്ഷണം, സ്വന്തമായ തീരുമാനങ്ങൾ നന്മ ഏതെന്നു തിരിച്ചറിയാനുള്ള കഴിവ് ഇതൊക്കെ തിളങ്ങിനിൽക്കുന്ന വ്യക്തിത്വങ്ങൾ ഇന്ന് അപൂർവ്വം മാത്രം. ശേഷിക്കുന്നവർ മാനസികമായ ഒരു അടിമത്തത്തിന്റെ പിടിയിലാണ്. സാംസ്കാരികമായ ജീർണ്ണതകൾക്കെതിരെ പോരാടാൻ അവർക്കാവുന്നില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ നമ്മുടെ സംസ്കാരത്തിന്റെ സമൃദ്ധമായ പൈതൃകത്തിൽനിന്നും അവർ അകന്നുകൊണ്ടിരിക്കുന്നു. ആരെങ്കിലും നമ്മുടെ സാംസ്കാരിക പൈതൃകത്തിലേക്ക് തിരിഞ്ഞുനോക്കുവാൻ തുനിഞ്ഞാൽ തന്നെ അതിനെ കാടത്തമെന്നും അപരിഷ്കൃതമെന്നും അസംബന്ധമെന്നുമൊക്കെ വിശേഷിപ്പിച്ച് മുഖം തിരിക്കുകയും ചെയ്യുന്നു.

ക്യാമ്പസ് ഇന്ന് പാശ്ചാത്യ സംസ്കാരത്തിന്റെ പിടിയിലാണ്. ക്യാമ്പസിലെ എല്ലാ വിദ്യാർത്ഥികളെയും അട

ച്ചാക്ഷേപിച്ചുകൊണ്ടല്ല ഇങ്ങനെ പറയുന്നത്. ഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികൾ നമ്മുടെ നന്മയിൽനിന്ന് അകന്നിരിക്കുന്നു. അതിനെ മുറുകെ പിടിക്കാനാഗ്രഹിക്കുന്ന ഒരു ചെറിയ വിഭാഗം വിദ്യാർത്ഥികൾ (അണ്ണാൻകുഞ്ഞും തന്നാലായത്) എന്ന നിലയിൽ എന്തെങ്കിലുമൊക്കെ ചെയ്യാൻ തുനിയുന്നുണ്ടെങ്കിൽകൂടി അതൊക്കെ ഒന്നുമാവതെ പോവുന്നു. അടിസ്ഥാനപരമായ മാറ്റങ്ങൾ ആവശ്യമാണെങ്കിലും ദീർഘവീക്ഷണത്തോടെ വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽക്കൂടി മുന്നേറാൻ അവർ ശക്തരാകുന്നില്ല. അതുകൊണ്ടുതന്നെ, പരിഹാരം കാണേണ്ടിയിരിക്കുന്ന പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാവുകയും ചെയ്യുന്നു. നമ്മുടേതായ സംഗീതം, നമ്മുടേതായ പെരുമാറ്റങ്ങൾ നമ്മുടേതായ വസ്ത്രധാരണം ഇതൊക്കെ ക്യാമ്പസിൽനിന്ന് അന്യം നിന്നുപോയിരിക്കുന്നു. അനുകരണത്തിന്റെ പിടിയിൽപ്പെട്ട് സ്വന്തമായി ചിന്തിക്കാൻ കഴിയാതെ, പാവകളെപ്പോലെ അവർക്ക് നിങ്ങേണ്ടിയും വരുന്നു. ആരോ നൂലിട്ടുവലിക്കുന്ന ചലനത്തിനൊപ്പിച്ച് അവരും ചലിക്കുന്നു. പുതിയ തലമുറ മോഡേൺ ആവുന്നുണ്ട് ആന്തരികമായല്ല, ബാഹ്യമോടികളിൽ മാത്രം.

ഹൃദ്യമായ സൗഹൃദബന്ധങ്ങൾ നഷ്ടമാവുന്നില്ലേ? പണത്തിനൊപ്പിച്ച് സുഹൃത്തുക്കളെ തെരഞ്ഞെടുക്കുന്ന രീതി ഒരു വലിയ വിഭാഗം കുട്ടികളുടെയിടയിലുണ്ട്. നല്ല മനസ്സിനെ ആരും കാണാൻ ശ്രമിക്കുന്നില്ല. ഒരു ക്ലാസിലെ കുട്ടികൾ രണ്ടുവർഷം ഒന്നിച്ചുപഠിച്ചതിനുശേഷവും അടുത്തു പരിചയിച്ചിട്ടില്ലാത്ത അവസ്ഥയുണ്ട് എന്നത് അത്ഭുതകരംതന്നെ. പലപ്പോഴും ബന്ധങ്ങൾ ഇലക്ഷൻ കാലത്തെ അഭിനയത്തിലൊതുങ്ങുന്നു. സമയക്കുറവും വിദ്യാർത്ഥികളുടെ ബാഹുല്യവുമൊക്കെയാണ് ഇതിനൊക്കെ കാരണമായി എടുത്തുകാണിക്കപ്പെടുന്നത്.

ആരോഗ്യകരമായ അധ്യാപക-വിദ്യാർത്ഥി ബന്ധം നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്ന് അറുത്തുമുറിച്ച് വിമർശിക്കാനാവില്ല. ബിരുദ തലത്തിലും ബിരുദാനന്തര തലത്തിലും വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ അവരുമായി ചർച്ചചെയ്യാൻ അധ്യാപകർ ശ്രമിക്കുന്നുണ്ട്. മറിച്ച് പ്രീഡിഗ്രി ക്ലാസുകളിൽ വിദ്യാർത്ഥികളുടെ എണ്ണക്കൂടുതൽ കൊണ്ടാവാം അധ്യാപകർക്ക് വിദ്യാർത്ഥികളെയെല്ലാം അടുത്തറിയാം എന്നു പറയാനാവില്ല. ഇന്ന് നമ്മുടെ കോളേജിൽ നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അഡ്വൈസറി സ്കീം ഇതിനു പരിഹാരമാവുമെന്നു പ്രത്യാശിക്കാം.

വിദ്യാർത്ഥികൾക്ക് അവരുടെ ലാളിത്യം നഷ്ടമായിക്കൊണ്ടിരിക്കുന്നു. പുതിയ രീതിയിൽ വസ്ത്രങ്ങളണിഞ്ഞും ഫാഷന്റെ പുറകെ നീങ്ങിയും . ക്യാമ്പസിൽ പോപ്പുലറാവാനാണ് ഏറെപ്പേരുടെയും ശ്രമം. ഇതിൽനിന്നൊക്കെ മാറിനിന്ന് ഉന്നതരീതിയിൽ ചിന്തിക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥിയെ ബുദ്ധിജീവിയെന്ന ലേബലും കൊടുത്ത് നാം മാറ്റിനിർത്തുന്നു. മറിച്ച് പാശ്ചാത്യ സംഗീതത്തിന്റെ താളത്തിനൊപ്പിച്ച് തുള്ളുന്ന കോളേജ് കുമാരനെ ഹർഷാരവങ്ങളോടുകൂടി സ്വീകരിക്കുകയും ചെയ്യുന്നു. മോഡലിംഗ് രംഗത്തേക്കു കടന്നു വന്നിരിക്കുന്ന കാമ്പസ് സുന്ദരികളെ അവതരിപ്പിക്കുന്ന വനിതാമാസികകളൊന്നുംതന്നെ അതിന്റെ എതിർഭാഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതി കാണുന്നതേയില്ല.

പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ ഇവിടത്തെ രാഷ്ട്രീയ കക്ഷികൾ ശ്രമിക്കേണ്ടിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ നയങ്ങളെപ്പറ്റി അവർക്ക് വ്യക്തമായ നയം ഉണ്ടാകേണ്ടിയിരിക്കുന്നു. നേതൃത്വഗുണമുള്ളവരും പ്രഗത്ഭരുമായ വിദ്യാർത്ഥികളാണ് മുമ്പ് രാഷ്ട്രീയ രംഗത്തേക്ക് കടന്നുവന്നിരുന്നതെങ്കിൽ ഇന്ന് അവരൽപം പിന്നോട്ടുമാറുന്നുണ്ട് പകരം പറയത്തക്ക ഗുണങ്ങളൊന്നുമില്ലാത്ത ചിലർ രാഷ്ട്രീയമെങ്കിൽ രാഷ്ട്രീയം എന്നു കരുതി ആ രംഗത്തേക്കു തള്ളിക്കയറുന്നു. അതുമാത്രമല്ല, ക്യാമ്പസിനുള്ളിലെ രാഷ്ട്രീയത്തെ പുറത്തുള്ളവരാണ് നിയന്ത്രിക്കുന്നത്. ഇത് ക്യാമ്പസ്സുകളിൽ ആരോഗ്യപരമായ രാഷ്ട്രീയം തടയപ്പെടാൻ കാരണമാകുന്നു.

ലോകം കൂടുതൽ സങ്കീർണ്ണമായിത്തീരുന്നതിനിടയിൽ ആ സങ്കീർണ്ണതയിൽ എന്തെങ്കിലുമൊന്നായിത്തീരാൻ എല്ലാവരും ശ്രമിക്കുന്നതിനിടയിൽ ചിന്തിക്കേണ്ടതിനെക്കുറിച്ച് ചിന്തിക്കാൻ മറക്കും. ഒരു പ്രൊഫഷണൽ കോഴ്സിലേക്ക് എത്തിപ്പെടുക എന്ന ലക്ഷ്യംവെച്ചുകൊണ്ടുള്ള വിദ്യാഭ്യാസത്തിനിടയിൽ പലതും കാണാതെ പോകുന്നു. കണ്ടാൽ തന്നെ കണ്ടില്ലെന്നു നടിക്കേണ്ടി വരുന്നു. കാരണം എല്ലാവരും തിരക്കിലാണ് സെക്കന്റിനുപോലും വിലയേറുന്നു.

ഫെമിനിസത്തിന്റേതായ കാഴ്ച്ചപ്പാടുകൾ ഇന്നത്തെ ക്യാമ്പസിനെ എങ്ങനെ സ്വാധീനിക്കുന്നുണ്ട്. തന്റേതായ വ്യക്തിത്വം പ്രകടിപ്പിക്കാനും കാമ്പസിൽ സ്ത്രീ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യാനും ഒരു വിഭാഗം പെൺകുട്ടികൾ ശ്രമിക്കുന്നു. ഇതു പ്രത്യാശയ്ക്കു വക നൽകുന്നു. എങ്കിലും ബാക്കിവരുന്ന ഭൂരിഭാഗം വിദ്യാർത്ഥിനികൾ ആൺകുട്ടികളുടെ മുന്നിൽ ഒരു കാഴ്ചവസ്തുവിന്റെ മോടിയോടുകൂടി പ്രത്യക്ഷപ്പെട്ട് ഇതാണ് തന്റെ വ്യക്തിത്വമെന്ന് കരുതുന്ന പെൺകുട്ടികൾ വെച്ചുപുലർത്തുന്നത് തെറ്റായ ധാരണയാണ്.

സാഹിത്യത്തെ ഗൗരവമായി കാണുന്നവർ ക്യാമ്പസിൽ വിരളം. ശ്രേഷ്ഠമായ സാഹിത്യത്തിന്റെ ആസ്വാദകർ ഇവിടെ ന്യൂന പക്ഷമാവുന്നു. സാറ്റലൈറ്റ് – കേബിൾ ടി.വി.കളിലെ പരിപാടികൾ സാംസ്കാരികാധപതനത്തിന് വഴിതെളിയിക്കുമ്പോൾ ഗൗരവപരമായ സാഹിത്യം പലർക്കും കാണാനാവുന്നില്ല. ആഴ്ചയിലൊരിക്കലെങ്കിലും നടന്നിരുന്ന സാഹിത്യ ചർച്ചകൾ അന്യ

മാവുന്നുവോ? രചനയിൽ താല്പര്യമുള്ള കുട്ടികൾ ഉണ്ട്. അവർ ഒത്തുകൂടാൻ ശ്രമിക്കുന്നുമുണ്ട്. കാമ്പസിന്റെ നടന്നുവരുന്ന കലാസാഹിത്യ പ്രവർത്തനങ്ങൾ എന്നിവ പ്രാധാന്യവും പ്രശംസയും അർഹിക്കുന്നു. ശഭാപ്തിവിശ്വാസം ജനിപ്പിക്കാൻ അവ പര്യാപ്തവുമാണ്.

ഇനിയൊരു തിരിച്ചുവരവ് സാധ്യമാവാത്തവിധം കാമ്പസ് അപചയത്തിലേക്ക് വീണിരിക്കുന്നു എന്ന കരുതേണ്ടതില്ല. ക്യാമ്പസിലും പുറത്തും നടക്കുന്ന N.S.S.. പ്രവർത്തനങ്ങൾ വ്യക്തിത്വ പരിപോഷണത്തിന് വളരെയേറെ സഹായകമാവുന്നുണ്ട്. കലാപരവും കായികപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കാനായി N.S.S.നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയം തന്നെ. മയക്കുമരുന്നിനെതിരെ ബോധവത്കരിക്കുന്ന സംഘടനകളും മോശമല്ലാത്ത രീതിയിൽ കാമ്പസിൽ പ്രവർത്തിക്കുന്നുണ്ട്. സാമൂഹികവും സാംസ്കാരികവുമായ ജീർണ്ണതകളെക്കുറിച്ച് വേവലാതിപ്പെടുന്ന, ഗുരുശിഷ്യബന്ധത്തിന്റെ സ്നേഹാർദ്രമായ ഭാവങ്ങൾ കണ്ടറിയാൻ കഴിയുന്ന വിദ്യാർത്ഥികളെ മുന്നോട്ടു കൊണ്ടുവരേണ്ടിയിരിക്കുന്നു. നിഷ്ഫലമായേക്കാം എന്ന തോന്നലുണ്ടെങ്കിലും സമൂഹം വഴിതെറ്റുന്നു എന്നു തോന്നുമ്പോൾ നിസ്സാരമായ ഒരു പങ്കെങ്കിലും വഹിക്കാൻ ക്യാമ്പസ്സിലെ യുവജനത തുനിയുന്നുവെങ്കിൽ അതിനർത്ഥം തളർച്ചയിൽനിന്ന് വീണ്ടും ഉണരാൻ അതിനു കഴിയും എന്നു തന്നെയാണ്.

ford Foundation ന്റെ കീഴിൽ നമ്മുടെ കാമ്പസിന് ധാരാളം പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സൗകര്യമുള്ള സാഹചര്യത്തിൽ ഇനിയും ബഹുദൂരം മുന്നോട്ടു പോകാനാവും. വ്യക്തമായ ഒരു ലക്ഷ്യബോധമുള്ള ജനതയാണ് പ്രൊഫഷണൽ കോളേജിലെ ക്യാമ്പസിലുള്ളത്. മറിച്ച് പ്രൊഫഷണൽ കോളേജുകളിൽ ഒഴികെയുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന പലർക്കും ഇനിയെന്ത് എന്നതിനെക്കുറിച്ച് ശരിയായ ധാരണയില്ല. ഭാവിയെക്കുറിച്ച് വ്യക്തമായ രൂപരേഖയില്ല. ഈ വസ്തുതകളെക്കുറിച്ച് കൂടുതൽ ചിന്തിച്ചാൽ ഒരുതരം നിരാശബോധത്തിലേക്കാണ് വഴിതെളിക്കുക. ഇത് മാറണമെങ്കിൽ വിദ്യാഭ്യാസം പ്രായോഗിക ജീവിതത്തിന് പ്രയോജനപ്പെടുന്ന ഒരു തലത്തിലേക്ക് മാറ്റിയെടുക്കാൻ കഴിയണം.

ക്യാമ്പസിൽ അവിടവിടെയായി മെഴുകുതിരിവെളിച്ചംപോലെ മങ്ങിക്കത്തുന്ന പ്രതിഭകളെ മുന്നോട്ടു കൊണ്ടുവരേണ്ടിയിരിക്കുന്നു. കാരണം അവരുടെ സേവനം, നേതൃത്വഗുണം ഇതൊക്കെ നമുക്കാവശ്യമാണ്. മറിച്ച് ആ ചെറിയ പ്രകാശംകൂടി കണ്ടെത്താനാവാതെ ക്രമേണ അണഞ്ഞുതുടങ്ങുകയാണെങ്കിൽ ക്യാമ്പസ് നിർജീവമായിത്തീരും.